"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊല്ലം ജില്ല - പേരയം ഗ്രാമപഞ്ചായത്ത് - 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2 -1 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1412/2023/LSGD തീയതി,തിരുവനന്തപുരം, 12-07-2023

---

പരാമർശം:-

1. ശ്രീമതി ബിന്ദു.പി . ആർ , W/o പ്രമോദ് സദാനന്ദൻ (late ), പഞ്ചായത്ത് സെക്രട്ടറി പേരയം ഗ്രാമ പഞ്ചായത്ത് , കൊല്ലം - ബഹു മുഖ്യ മന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേനെ സമർപ്പിച്ച 25.05.2023 - ലെ അപേക്ഷ
2. പഞ്ചായത്ത് ഡയറക്ടറുടെ 27.01.2023 -ലെ .PAN/832/2023-M3(DP) നമ്പർ കത്ത്.
3. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 08 .03 .2022 - ലെ DKSA/2378/PT1/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പേരയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 15/01/2017 മുതൽ 20/06/2018 വരെ സേവനമനുഷ്ഠിച്ചിരുന്ന പ്രമോദ് ആനന്ദ് സദാനന്ദൻ.ടി.എസ് - ന്റെ സേവന കാലയളവിൽ ടി ഗ്രാമ പഞ്ചായത്തിൽ നടന്ന മാർക്കറ്റ് ഗേറ്റ് ഫീസ് പിരിവ്, മാട്ടിറച്ചി വില്പനാവകാശം എന്നിവയുടെ ലേലത്തിൽ, ലേല നിബന്ധനകൾക്ക് വിരുദ്ധമായി EMD തുക തിരികെ നൽകിയത് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1 പ്രകാരം 2,10,000/- രൂപ വരവ് നഷ്ടമായി കണക്കാക്കി ഈടാക്കുന്നതിന് സർചാർജ് ശുപാർശ ചെയ്തിരുന്നു. കൂടാതെ, 02/03/2018 മുതൽ 2/5/2018 വരെയുള്ള കാലയളവിൽ അവധിയിലായിരുന്ന പഞ്ചായത്ത് അംഗത്തിന് അർഹതയില്ലാത്ത കലയളവിൽ ഹോണറേറിയം ആയി നൽകിയ 14000/-രൂപ മേൽ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3(2) പ്രകാരം നിരാകരിക്കുകയും, തിരികെ ഈടാക്കി തനതു ഫണ്ടിൽ ഒടുക്കുന്നതിനു നിർദേശിച്ചിട്ടുള്ളതുമാണ്. പരാമർശിത ഖണ്ഡിക 3(2) പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്ത് അംഗമായ ശ്രീമതി. അംബിക ഡിക്രൂസ് എന്നവരുടെ 2020 സെപ്റ്റംബർ & ഒക്ടോബർ മാസങ്ങളിലെ ഹോണറേറിയത്തിൽ നിന്നും 7000 /- രൂപ വീതം ആകെ 14000 /- രൂപ ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയതായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

2.) പ്രമോദ് ആനന്ദ് സദാനന്ദൻ.ടി.എസ് 11/02/2022 - ൽ മരണപ്പെട്ടു. ഈ

സാഹചര്യത്തിൽ ടിയാന്റെ മരണാനന്തര ആനുകൂല്യങ്ങൾ ഒന്നും ലഭിക്കാത്തതും കുടുംബത്തിന്റെ സാമ്പത്തിക അവസ്ഥ പരിഗണിച്ചും ടിയാനെതിരെയുള്ള ഓഡിറ്റ് പരാമർശങ്ങൾ/ബാധ്യതകൾ ഒഴിവാക്കി നൽനൽകണമെന്ന പേരയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28/04/2022 - ലെ 8 (5) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2 ) പ്രകാരം സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട് .

3.) ഈ വിഷയം വിശദമായി സർക്കാർ പരിശോധിച്ചു . പഞ്ചായത്ത് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല ശുപാർശ പരിഗണിച്ചും ഭാവിയിൽ സമാനമായ വിധത്തിൽ പിഴവുകൾ ഉണ്ടാകാതിരിക്കുവാൻ അതീവ ജാഗ്രത പുലർത്തണമെന്ന നിബന്ധനയോടെയും കൊല്ലം ജില്ലയിലെ പേരയം ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2 - 1 പ്രകാരം തടസ്സപ്പെടുത്തിയ 2,10,000/- (രണ്ട് ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകിയും ഖണ്ഡിക 3-2 പ്രകാരം തടസ്സപ്പെടുത്തിയ 14,000/- (പതിനാലായിരം രൂപ മാത്രം) രൂപ ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ മുതൽ അടവ് വരുത്തിയിട്ടുള്ളതിനാൽ ടി ഖണ്ഡികയിൻമേലുള്ള തുടർ നടപടി ഒഴിവാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു.പി പി ആർ , W/o പ്രോമോദ് ആനന്ദ് സദാനന്ദൻ.ടി എസ് , (late) മണിനാകം , എം ഇ ആർ ജി നഗർ , 26 - ബി കൊല്ലം 691001
പ്രിൻസിപ്പൽ ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ്.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം .
അക്കൗണ്ടന്റ് ജനറൽ ( എ& ഇ / ഓഡിറ്റ് ) കേരള , തിരുവനന്തപുരം.
സെക്രട്ടറി ,പേരയം ഗ്രാമപഞ്ചായത്ത് ,കൊല്ലം .
ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ , വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് .
പകർപ്പ് :- ബഹു മുഖ്യ മന്ത്രിയുടെ പരാതി പരിഹാര സെൽ - ന്
( G 2230501378 പ്രകാരം)
ബഹു .-തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ